## രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ്

246(1718) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് ആവശ്യമായ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി എം.എൽ.എ. നല്കിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കത്തിന്മേൽ ഉന്നത വിദ്യഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് ആവശ്യമായ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ശിപാർശ ചെയ്തിരിക്കുന്ന സ്ഥലം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ളതായതിനാൽ പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

## വിളപ്പിൽശാലയിൽ ശാസ്ത്രസാങ്കേതിക സർവ്വകലാശാല ആസ്ഥാനം

247(1719) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾകലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം വിളപ്പിൽശാലയിൽ നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് വരെ ആയെന്ന് വിശദമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിന്റെയും പുനരധിവാസ പ്രവർത്തനങ്ങളുടെയും തുടർനടപടികൾക്കായി ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം നിർമ്മിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിൽ 42.13.66 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് സ.ഉ.(സാധാ) നമ്പർ 2297/2018/ഉ.വി.വ തീയതി 24-12-2018 ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി LARR Act അനുസരിച്ച് requisition form ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിന് എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാറെ ചുമതലപ്പെടുത്തിയിരുന്നു. രജിസ്ട്രാർ 16-1-2019-ലെ 35/2014/KTU നമ്പർ കത്ത് പ്രകാരം സ്കെച്ച് ഉൾപ്പെടെ requisition form ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**വർക്കല എഞ്ചിനീയറിംഗ് കോളേജിൽ തീവ്രവാദ സ്വഭാവമുള്ള മുദ്രാവാക്യങ്ങളും ചുവരെഴുത്തുകളും**

248(1720) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ എഞ്ചിനീയറിംഗ് കോളേജിൽ വിദ്യാർത്ഥികൾ തീവ്രവാദ സ്വഭാവമുള്ള മുദ്രാവാക്യം വിളിയ്ക്കുകയും ചുവരെഴുത്തുകൾ നടത്തുകയും ചെയ്തതായ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്യന്തം ഗുരുതരമായ ഈ വിഷയത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) രാജ്യസുരക്ഷയ്ക്ക് ഭീഷണിയാകുന്ന ഇത്തരം പ്രവർത്തനങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബന്ധപ്പെട്ടവരോട് സർവ്വകാലാശാലതലത്തിൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.